പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3213 21.08.2017-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി യിലെ ഭരണപരമായ മാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>" വി.കെ.ഇബ്രാഹിം കുഞ്ഞ്<br>" പി.ഉബൈദുള്ള<br>" ടി.എ.അഹമ്മദ് കബീർ | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സിയുടെ പ്രവർത്തനത്തിൽ ഭരണപരമായ എന്തെല്ലാം മാറ്റങ്ങളാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത്; അവയുടെ ഫലമായി എന്തെല്ലാം വ്യത്യാസങ്ങളാണ് സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ളതെന്നാണ് കരുതുന്നത്; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യിൽ പ്രൊഫഷണലിസം കൊണ്ട് വരുന്നതിനായി ജനറൽ മാനേജർ (ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ), ജനറൽ മാനേജർ (ടെക്നിക്കൽ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേഷൻ), ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ), ചാർട്ടേഡ് അക്കൗണ്ടന്റ് / കോസ്റ്റ് അക്കൗണ്ടന്റ് എന്നീ തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. നിയമന നടപടികൾ പൂർത്തിയായിട്ടില്ല. |
| (ബി) | കെ. എസ്. ആർ. ടി. സിയിലെ ഉന്നത തസ്തികകളിൽ സ്ഥാനക്കയറ്റം വഴിയും ഡെപ്യൂട്ടേഷൻ വഴിയും ഉള്ള നിയമനങ്ങൾക്ക് പകരം നേരിട്ടുള്ള നിയമനങ്ങൾ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണ് ഇത്തരത്തിൽ നിയമനം നടത്തിയിട്ടുള്ളത്; എത്ര പേരെ ഇത്തരത്തിൽ നിയമിച്ചിട്ടുണ്ട്; | | |
| (സി) | ഇത്തരം നിയമനങ്ങളുടെ ഫലമായി ഈ സ്ഥാപനത്തിന്റെ ഭരണപരമായ ചെലവിൽ എന്തെങ്കിലും വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ ഈ ഇനത്തിൽ ഉണ്ടായിട്ടുള്ള അധിക ചെലവ് എത്രയാണെന്ന് അറിയിക്കാമോ? | (സി) | നിയമന നടപടികൾ പൂർത്തിയാകാത്തതിനാൽ കണക്കാക്കാനായിട്ടില്ല. |

സെക്ഷൻ ഓഫീസർ